# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 3447 – 15/03/2018 ലെ മറുപടിക്ക്

### പതിമൂന്നാം പഞ്ചവത്സര പദ്ധതിയ്ക്കായി ധനപരമായ പശ്ചാത്തല സൗകര്യം


**ചോദ്യം**

ശ്രീ. എ.പി. അനിൽ കുമാർ

ശ്രീ. അനിൽ അക്കര

**ഉത്തരം**

ഡോ. ടി. എം. തോമസ് ഐസക്

(ധനകാര്യവും കയറും വകുപ്പുമന്ത്രി)


| ചോദ്യം | | ഉത്തരം |
|---|---|---|
| എ | പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ഏതെല്ലാം മേഖലകൾക്കാണ് മുൻഗണന നൽകുവാൻ ഉദ്ദേശിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | താഴെ പറയുന്ന കാര്യങ്ങൾക്കാണ് പതിമൂന്നാം പദ്ധതിയിൽ മുൻഗണന നൽകാനുദ്ദേശിക്കുന്നത്<br><br>1. സർക്കാർ പ്രഖ്യാപിച്ച നാല് മിഷനുകളിലൂടെ പുതിയ കേരളം കെട്ടിപ്പടുക്കുക. ഈ മിഷനുകൾ സുസ്ഥിര വികസനവും ജനകീയ പങ്കാളിത്തവും താഴെ പറയുന്ന മേഖലകളിൽ നടപ്പിലാക്കും<br><br>I. ഉയർന്ന നിലവാരത്തിലുള്ള സ്കൂൾ വിദ്യാഭ്യാസം<br>II. ജന സൗഹൃദ ആരോഗ്യ സൗകര്യങ്ങൾ<br>III. പരിസ്ഥിതി സൗഹൃദ കൃഷി (ജൈവകൃഷി ഉൾപ്പെടെ)<br>IV. മാലിന്യ നിർമ്മാർജ്ജനം, വൃത്തിയുള്ള പരിസരം, ചവർ മുക്ത കേരളം<br>V. വൃത്തിയായ ജലാശയങ്ങൾ, വിപുലമായ ജലവിഭവങ്ങൾ<br>VI. സുരക്ഷിതമായ ഭവനവും ഉപജീവന മാർഗ്ഗവും<br>2. കൃഷിയിലും, വ്യവസായത്തിലും ഭൗതികോത്പാദന വർധനവ്<br>3. തൊഴിൽ, ഉപജീവന സുരക്ഷ, നൈപുണ്യ വികസനം, സംരംഭത്വം എന്നിവ സൃഷ്ടിക്കൽ<br>4. കേരളത്തിന്റെ ഭൗതിക, സാമൂഹിക |

| | | |
|---|---|---|
| | | പശ്ചാത്തല സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ<br>5. പശ്ചാത്തല സൗകര്യം വർധിപ്പിക്കുക<br>6.ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ സമൂഹത്തിലും ഉത്പാദന പ്രക്രിയയിലും വ്യാപിപ്പിക്കുക, സുസ്ഥിര വികസനം അഭിവൃദ്ധിപ്പെടുത്തുക, ഭരണരംഗത്തെയും കാര്യനിർവ്വഹണ രംഗത്തെയും ആധുനികവത്ക്കരിക്കുക<br>7.ജനകീയാസൂത്രണ പ്രക്രിയ തദ്ദേശ ഭരണ സ്ഥാപനങ്ങളിലൂടെ വിപുലമാക്കൽ<br>8. സാമൂഹ്യ സുരക്ഷിതത്വം വ്യാപിപ്പിക്കുക, സാമൂഹ്യമായ പുറന്തള്ളലിനെതിരെയുള്ള സമരം വ്യാപിപ്പിക്കുക<br>9. സംസ്കാരം, പാരമ്പര്യം എന്നിവയെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുക, വിനോദ സഞ്ചാരം വികസിപ്പിക്കുക, മറുനാടൻ മലയാളികളുമായി സാംസ്കാരിക സാമ്പത്തിക ബന്ധം സ്ഥാപിക്കുക |
| ബി | പ്രസ്തുത പഞ്ചവത്സര പദ്ധതിക്കാലത്ത് ധനപരമായ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന എന്തൊക്കെ കാര്യങ്ങളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? | സർക്കാരിന്റെ റവന്യൂ വരുമാനം ഉയർത്തുക എന്ന ലക്ഷ്യത്തോടെ നികുതി നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ കൈക്കൊണ്ടു വരികയാണ്. ചെലവുകൾ നിയന്ത്രിച്ചുകൊണ്ടും വരുമാനം വർദ്ധിപ്പിച്ചുകൊണ്ടും റവന്യൂകമ്മി കുറയ്ക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.<br>ജി.എസ്.ടി -യുടെ ഭാഗമായി ഇ-വേ ബിൽ സമ്പ്രദായം ആവിഷ്കരിച്ചിട്ടുണ്ട്. ഇത് ഫലപ്രദമായി നടപ്പാക്കുന്നതു വഴി ജി.എസ്.ടി -യിൽ നിന്നുള്ള വരുമാനം വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br>എക്സൈസ്, രജിസ്ട്രേഷൻ, സ്റ്റാമ്പ് ഡ്യൂട്ടി, മോട്ടോർ വാഹന നികുതി തുടങ്ങിയ ഇനങ്ങളിൽ പരിഷ്കാരങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് നികുതി വർദ്ധിപ്പിക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു. നിലവിലുള്ള നികുതി സമാഹരണ സംവിധാനത്തിന്റെ |

| | | |
|---|---|---|
| | | കാര്യക്ഷമത വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടി സർക്കാരിലേയ്ക്കുള്ള പണ മൊടുക്കലും സർക്കാരിൽ നിന്നുള്ള പണവിതരണവും ഓൺലൈനായി നിർവ്വഹിക്കുന്നതിനുള്ള ഇ-ട്രഷറി സംവിധാനം നടപ്പിലാക്കിക്കഴിഞ്ഞു.<br>തന്ത്രിക പുനർവിന്യാസം വഴിയും ഇ-ഗവേണൻസിന്റെ നേട്ടങ്ങൾ പ്രയോജനപ്പെടുത്തിയും റവന്യൂ ചെലവുകൾ നിയന്ത്രിക്കും. സംസ്ഥാന സമ്പദ്‌വ്യവസ്ഥയുടെ നിയന്ത്രണത്തിനും നിരീക്ഷണത്തിനുമായി ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (IFMS) നടപ്പിലാക്കിയിട്ടുണ്ട്. അനാവശ്യ ചെലവുകൾ നിയന്തിക്കുന്നതിന്റെ ഭാഗമായി വകുപ്പുകൾ പണം ചെലവഴിക്കാതെ ട്രഷറി അക്കൗണ്ടുകളിൽ സൂക്ഷിക്കുന്ന പ്രവണത നിയന്ത്രിക്കും. നിലവിലുള്ള ചെലവു ചുരുക്കൽ നിയന്ത്രണങ്ങൾ കർശനമായി പാലിക്കും. |

സെക്ഷൻ ഓഫീസർ